പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3041

20/6/2014 ൽ
മറുപടിക്ക്

## വിജ്ഞാനദായനി ദേശീയ വിദ്യാലയത്തിന്റെ സംരക്ഷണം

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(എ) 1927- ൽ വിദ്വാൻ. പി. കേളു നായർ, കാഞ്ഞങ്ങാട് വെള്ളിക്കോത്ത് സ്ഥാപിച്ച വിജ്ഞാന ദായനി ദേശീയ വിദ്യാലയം കാലപ്പഴക്കത്താൽ സംരക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിദ്യാലയം സംരക്ഷിച്ച് വിദ്വാൻ പി. കേളു നായരുടെ സ്മരണക്കായി ഒരു സാംസ്കാരിക മന്ദിരം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും, ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

(എ) & (ബി) കാസർഗോഡ് കാഞ്ഞങ്ങാട് വെള്ളിക്കോത്ത് മഹാകവി പി. സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ സ്കൂളിന്റെ ഭാഗമായാണ് വിദ്വാൻ. പി. കേളു നായർ സ്ഥാപിച്ച വിജ്ഞാനദായനി ദേശീയ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ദേശീയ വിദ്യാലയമായിട്ടാണ് ഇത് സ്ഥാപിക്കപ്പെട്ടതെങ്കിലും നിലവിൽ ഗ്രന്ഥാലയമായിട്ടാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനം 2014 ൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് പൈതൃക സ്മാരകമായി ഏറ്റെടുത്ത് സംരക്ഷിച്ചു വരുന്നു.

കേരള പുരാവസ്തു-പുരാവശിഷ്ട ആക്ട് പ്രകാരം 100 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടങ്ങൾ/സ്ഥാപങ്ങളെ മാത്രമേ പുരാവസ്തു വകുപ്പിന് കീഴിൽ സംരക്ഷിത സ്മാരകമാക്കുന്നതിന് വ്യവസ്ഥയുള്ളൂ.

സെക്ഷൻ ഓഫീസർ